# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2304

### 12-06-2018 ൽ മറുപടിക്ക്

### കിഫ്ബിയിൽ സമാഹരിച്ച തുക

| ചോദ്യം<br>ശ്രീ.കെ.സി. ജോസഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ഫണ്ടിൽ നിലവിൽ എന്ത് തുക ലഭ്യമാക്കിയിട്ടുണ്ട്; | കിഫ്ബി ഫണ്ടിൽ നിലവിൽ 38,638,213,410.83 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| (ബി) മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ് ഇനങ്ങളിൽ ഇതുവരെ എന്ത് തുക പ്രസ്തുത ഫണ്ടിലേക്ക് ലഭിച്ചു ; | മോട്ടോർ വാഹന നികുത്, പെട്രോളിയം സെസ് ഇനങ്ങളിൽ നിന്നും ഇതുവരെ 1,772.64 കോടി രൂപ ലഭ്യമായിട്ടുണ്ട് . |
| (സി) മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് എന്ന ശീർഷകത്തിൽ മുതൽ നിക്കിയിരിപ്പുണ്ടായിരുന്ന തുക കിഫ്ബി ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഈയിനത്തിൽ ഓരോ വർഷവും ലഭിച്ച തുകയെത്രയാണ് ; | മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റ് എന്ന ശീർഷകത്തിൽ നിന്നും 2015-16 ൽ 873,85,52,778/- കോടി രൂപയും 2016-17 ൽ 1624,56,74,966/- കോടി രൂപയും കിഫ്ബിയിൽ ലഭ്യമായിട്ടുണ്ട്. |
| (ഡി) നബാർഡിൽ നിന്നും എത്ര കോടി രൂപ കിഫ്ബി ഫണ്ടിലേക്ക് വായ്പയായി എടുത്തിട്ടുണ്ട്; | നബാർഡിന്റെ NIDA സ്കീം മുഖേന 565 കോടി രൂപ കിഫ്ബിക്ക് അനുവദിക്കുകയും അതിൽ 100.80 കോടി രൂപ ആദ്യ ഗഡുവായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) കെ.എസ്.എഫ്.ഇ യുടെ പ്രവാസി ചിട്ടിയിലൂടെ ഈ പദ്ധതിയിലേക്ക് ഫണ്ട് സ്വീകരിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കാത്തത് എന്തുകൊണ്ടാണ്; | പൂർണ്ണമായും ഓൺലൈൻ പ്ലാറ്റ് ഫോമിൽ പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിക്കായി തയ്യാറാക്കുന്നത്. വളരെ വിപുലവും സങ്കീർണ്ണവുമായ ചിട്ടി നിയമങ്ങൾ ഒരു സോഫ്ട് വെയറിൽ ഉൾക്കൊള്ളിക്കുക എന്നത് വളരെ ശ്രമകരമായ ദൗത്യമായിരുന്നു. കൂടാതെ വിദേശത്തുനിന്നും സാമ്പത്തിക ക്രയവിക്രയങ്ങൾ നടത്തുന്ന ഒരു സംവിധാനമായതിനാൽ അതിൻപ്രകാരം പാലിച്ചിരിക്കേണ്ട വ്യവസ്ഥകൾ, മതിയായ |

| | |
|---|---|
| | സുരക്ഷാ നടപടികൾ എന്നിവ സ്വീകരിച്ചുമാത്രമേ ടി സോഫ്റ്റ് വെയർ പൊതുജനങ്ങൾക്കായി ലഭ്യമാക്കാൻ കഴിയൂ. ഈ ഒരു കാലതാമസമാണ് കെ.എസ്.എഫ്. ഇ പ്രവാസി ചിട്ടി ആരംഭിക്കുന്നതിൽ ഉണ്ടായത്. എന്നാൽ, ഈ നടപടികൾ പൂർത്തിയായിവരുന്ന സാഹചര്യത്തിൽ പ്രവാസി ചിട്ടി താമസിയാതെ ആരംഭിക്കുന്നതാണ്. |
| (എഫ്) ജനറൽ ഒബ്ലിഗേഷൻ ബോണ്ട്, മസാല ബോണ്ട് എന്നിവ വഴി എന്ത് തുക ഇതുവരെ സമാഹരിച്ചു? | പുനസംഘടിക്കപ്പെട്ട കിഫ്ബി വഴി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ മുഖേനയും മസാല ബോണ്ടുകൾ വഴിയും ഫണ്ടുകൾ സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ